## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

### ചട്ടം 300 അനുസരിച്ച് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ നടത്തിയ പ്രസ്താവന

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013, നവംബർ 1 മുതൽ കേരളത്തിൽ നടപ്പിലാവുകയാണ്.നിയമത്തിന്റെ എല്ലാ ഘട്ടങ്ങളും പൂർത്തിയാകുവാൻ മാർച്ച് 31 വരെ സമയം വേണ്ടിവരും.എന്നാൽ ഒക്ടോബർ 5 ന് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച കരട് പട്ടിക താൽക്കാലികമായി അംഗീകരിച്ച് ധാന്യ വിതരണം തുടങ്ങണം എന്ന കേന്ദ്ര ഗവർമെന്റിന്റെ നിർബന്ധം മൂലം ആണ് ഇത്തരമൊരു നടപടിയിലേക്ക് നീങ്ങാൻ നാം നിർബന്ധിതരായത്. തുടർന്ന് കരട്പട്ടിക ഒക്ടോബർ 20 ന് സാർവ്വത്രികമായി പ്രസിദ്ധീകരിച്ചിരുന്നു. പട്ടികയിലെ ആക്ഷേപങ്ങളും അവകാശവാദങ്ങളും സ്വീകരിച്ച് തീർപ്പുകൽപ്പിക്കുവാൻ വേരിഫിക്കേഷൻ കമ്മിറ്റികളും, അപ്പീൽ കമ്മിറ്റികളും അവരിൽ അർപ്പിതമായ ചുമതലകൾ തികഞ്ഞ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കുവാൻ വേണ്ട എല്ലാ ക്രമീകരണങ്ങളും സർക്കാർ ചെയ്തു കഴിഞ്ഞു. അർഹതപ്പെട്ടവർ ഒഴിവാകാതെയും കടന്നു കൂടിയ അനർഹരെ ഒഴിവാക്കിയും കുറ്റമറ്റ മുൻ ഗണന പട്ടിക തയ്യാറാകണം. വസ്തുതകൾ മറച്ചു വച്ചോ, ശരിയായ വിവരങ്ങൾ നൽകാതെയോ മുൻഗണനാ പട്ടികയിൽ കയറിക്കൂടിയവർ തങ്ങൾ ചെയ്തിട്ടുള്ളത് ഗൗരവതരമായ തെറ്റാണെന്ന് മനസിലാക്കി സ്വയംപിൻമാറണം. കൂടാതെ മുൻപ് ഫോറങ്ങൾ പൂരിപ്പിച്ചു നൽകിയപ്പോൾ റേഷൻകാർഡ് മതി റേഷൻ വിഹിതം വേണ്ട എന്ന് സ്വയം പ്രഖ്യാപിച്ച 13000 കുടുംബങ്ങളുടെ മാതൃക പിന്തുടരാൻ നമ്മുടെ സമൂഹത്തിലെ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ തയ്യാറാകണം.

ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം കേരളത്തിന് അനുവദിച്ച ഭക്ഷ്യധാന്യ വിഹിതം 14.25 ലക്ഷം മെട്രിക് ടൺ ആണ്.മുൻപ് ലഭിച്ചു വന്നിരുന്നത് 16 ലക്ഷം മെട്രിക് ടൺ ആയിരുന്നു. നിലവിൽ 27, 57,000 ആളുകൾ ഉള്ള 5,82,09 1 അന്ത്യോദയ കുടുംബങ്ങൾക്ക് കാർഡ് 1 ന് 35 kg അരിയും, 70,07,811 ആളുകൾ ഉള്ള 14,79,660 BPL കുടുംബങ്ങൾക്ക് കാർഡ് ഒന്നിന് 25 Kg അരിയും സമ്പൂർണ്ണ സൗജന്യമായി ലഭിച്ചിരുന്നു ഇതിനു പുറമേ APL വിഭാഗത്തിലെ 41,41,789 കുടുംബങ്ങളിലെ 1,78,66,000 ആളുകൾക്ക് 8 കിലോ അരി 2 രൂപ നിരക്കിൽ ലഭിച്ചിരുന്നു. അങ്ങിനെ നിലവിൽ സൗജന്യം ലഭിച്ചിരുന്ന ആളുകളുടെ ആകെ എണ്ണം 2.76 കോടി (2,76,30,811) ആണ്. എന്നാൽ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന മുൻഗണനാ വിഭാഗക്കാരുടെ ആകെ എണ്ണം 1.54 കോടി (1,54,80,042) മാത്രം ആണ്. മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർക്ക് മുഴുവൻ സമ്പൂർണ്ണ സൗജന്യം നൽകുവാൻ ആണ് ഈ സർക്കാർ ആഗ്രഹിക്കുന്നത്. മുൻഗണന പട്ടികയിലെ മുഴുവൻ അന്ത്യോദയ(AAY) കുടുംബങ്ങൾക്കും കാർഡ് ഒന്നിന് 35 kg അരിയും ശേഷിക്കുന്ന 1,29, 21,411 പേർക്ക് ആളൊന്നിന് 5 kg വീതം ധാന്യങ്ങൾ ലഭിക്കും. ഇത് നിലവിൽ സമ്പൂർണ്ണ സൗജന്യം ലഭിക്കുന്ന 97,64,811 നേക്കാൾ 57,15,231 കൂടുതൽ ആണ്. ഇതിനു പുറമേ മുൻഗണനാ പട്ടികയിൽ വരാത്ത 1,2 1,50,769 പേർക്ക് സംസ്ഥാന സബ്ബ് സിഡി നൽകി ആളൊന്നിന് 2 കി.ഗ്രാം അരി വീതം 2 രൂപ നിരക്കിൽ നൽകണമെന്ന് ആഗ്രഹിക്കുന്നു. ശേഷിക്കുന്ന മുൻഗണന ഇതര കുടുംബത്തിന് ശേഷിക്കുന്ന അരി APL നിരക്കിൽ നൽകാനാവും. ബാക്കി വരുന്ന ഗോതമ്പ് ആട്ടയാക്കി മുൻപ് നൽകിയിരുന്ന പ്രകാരം നൽകുവാൻ സാധിക്കും. നാളിതുവരെ 2,76,30,811 പേർക്ക് റേഷൻ ആനുകൂല്യങ്ങൾ ലഭിച്ചിരുന്നു. തുടർന്നും അത്രയുംപേർക്ക് മെച്ചപ്പെട്ട നിലയിൽ റേഷൻആനുകൂല്യങ്ങൾ നൽകാൻ സാധിക്കും

പൊതുവിതരണ രംഗം സുതാര്യമാക്കും. ഒരുതരത്തിലുമുള്ള ക്രമക്കേടുകൾ അനുവദിക്കില്ല. വാതിൽപടി വിതരണ ശൃംഖലയും, കമ്പ്യൂട്ടർവൽക്കരണവും മാർച്ച് 31നകം പൂർത്തികരിക്കും. റേഷൻകടകളെ നവീകരിക്കും റേഷൻ വ്യാപാരികളുടെ വരുമാനം മെച്ചമാക്കാൻ വേണ്ട പദ്ധതികൾ തയ്യാറാക്കും. കരട് മുൻഗണന പട്ടികയിൽ ഉയർന്ന ന്യായമായ മുഴുവൻ ആക്ഷേപങ്ങളും പരിഹരിക്കും. കുറ്റമറ്റ പട്ടിക തയ്യാറാക്കി നിശ്ചയിച്ച പ്രകാരം റേഷൻ കാർഡ് വിതരണം ചെയ്യും. ജനങ്ങൾക്ക് അവകാശപ്പെട്ട ഒരു മണി അരി പോലും ചോരാതെ വിതരണം കാര്യക്ഷമമാക്കും. റേഷൻ വിതരണത്തിനായി സംസ്ഥാന സർക്കാർ പ്രതിവർഷം 819.75 കോടി രൂപയാണ് ചെലവായിരുന്നതെങ്കിൽ ഇനി മുതൽ 1126.39 കോടി ആയി വർദ്ദിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 306.64 കോടിയുടെ അധികബാധ്യത പ്രതീക്ഷിക്കുന്നു.

പൊതുവിതരണ രംഗത്ത് ഇന്ത്യയിൽ മാതൃകയായിരുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്.തുടർന്നും തൽസ്ഥിതി നിലനിറുത്താൻ കഴിയും എന്ന് പ്രത്യാശിക്കുന്നു. അതിനായ് നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2016 നവംബർ 3.

വി. കെ. ബാബുപ്രകാശ്,
സെക്രട്ടറി.